**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1297** **19-09-2025 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട്- ചിന്ന തടാകം റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന ആദിവാസി കുടിയേറ്റ മേഖലയായ അട്ടപ്പാടിയിലേക്കുള്ള അന്തർ സംസ്ഥാന പാതയായ മണ്ണാർക്കാട് ചിന്നത്തടാകം റോഡിന്റെ മൂന്ന് ഘട്ടങ്ങളുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) | മണ്ണാർക്കാട് - ചിന്ന തടാകം റോഡിന് 80 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തി 3 ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്.<br><br>**ഘട്ടം -1**<br><br>കിലോമീറ്റർ 0/000 മുതൽ 8/000 വരെ – പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിൽപെടുന്ന മണ്ണാർക്കാട് നെല്ലിപ്പുഴ ജംഗ്ഷൻ മുതൽ ആനമൂളി വരെയുള്ള 8 കിലോമീറ്റർ റോഡിന് 44.43 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 41.765 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു,നിലവിൽ റോഡ് പ്രവൃത്തിയുടെ 73% പൂർത്തീകരിച്ചു.<br><br>**ഘട്ടം -2 -**<br><br>കിലോമീറ്റർ 8/000 മുതൽ 19/000 വരെ – പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിൽപെടുന്ന ആനമൂളി ജംഗ്ഷൻ മുതൽ മുക്കാലി ജംഗ്ഷൻ വരെയുള്ള 11 കിലോമീറ്റർ റോഡിന് 30.50 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 29.809 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. 28/03/2025 ൽ ടെൻഡർ ചെയ്തു. കരാറുകാരനുമായി കരാർ ഉടമ്പടി വയ്ക്കുന്ന പ്രവൃത്തികൾ സ്വീകരിച്ചുവരുന്നു.<br><br>**ഘട്ടം -3**<br><br>കിലോമീറ്റർ 19/000 മുതൽ 52/692 വരെ – പ്രവൃത്തിയുടെ മൂന്നാം ഘട്ടത്തിൽപെടുന്ന മുക്കാലി |

| | | | |
|---|---|---|---|
| | | | ജംഗ്ഷൻ മുതൽ ആനക്കട്ടി ജംഗ്ഷൻ വരെയുള്ള 33.362 കിലോമീറ്റർ റോഡിന് 86.28 കോടി രൂപയുടെ സാമ്പത്തിക അനുമതിയും, 84.276 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. PED-ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചാലുടൻ കരാറുകാരനുമായി കരാറുടമ്പടി വച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പാതയുടെ ഒന്നാം ഘട്ടമായ നെല്ലിപ്പുഴ മുതൽ ആനമൂളി വരെയുള്ള നിർമ്മാണ പ്രവൃത്തികൾ കരാറുകാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ മൂലം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. റോഡ് പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് KSEB യുടെ- High Tension Line ഓഫാക്കി തുടർ നടപടി സ്വീകരിക്കുന്നതിന് കെആർഎഫ്ബി, എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്രവൃത്തി 2025 ഡിസംബർ 31-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| (സി) | മണ്ണാർക്കാട് ചിന്നത്തടാകം റോഡിന്റെ രണ്ട്, മൂന്ന് ഘട്ട നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | മണ്ണാർക്കാട് - ചിന്ന തടാകം ഘട്ടം -2 പ്രവൃത്തിയുടെയും, മണ്ണാർക്കാട് - ചിന്നതടാകം ഘട്ടം-3 പ്രവൃത്തിയുടെയും പൂർത്തീകരണ കാലാവധി 18 മാസം വീതമാണ്. ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരനുമായി ഉടമ്പടി വച്ചതിന് ശേഷം എത്രയും വേഗം പ്രവൃത്തി ആരംഭിച്ച് അനുവദനീയമായ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ